©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 23rd February 2010<br>2010 ഫെബ്രുവരി 23<br>4th Phalguna 1931<br>1931 ഫാൽഗുനം 4 | No. നമ്പർ 8 |

## PART III

# Forest Department

OFFICE OF THE CUSTODIAN (ECOLOGICALLY FRAGILE LANDS)
AND CHIEF CONSERVATOR OF FORESTS (WILDLIFE),
THIRUVANANTHAPURAM.

ERRATUM NOTIFICATION

No. EFL10-260/2010. 2nd February 2010.

It is hereby notified for the information of the public that the error crept in Column No. 7, 11, 12 and 13 detailed under Sl. No. 72 to the Notification No. C4-21437/2000 dated 20-10-2000 and published in Kerala Gazette No. 1, Volume 46, dated 2-1-2001 is corrected as shown in the Schedule below :

SCHEDULE

| Sl. No. | District | Taluk | Forest Division | Range | Locality | Village | Sy. No. with Sub-division | Extent in Hectares (Approx.) | Boundaries North | East | South | West |
|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 72 | Palakkad | Palakkad | Palakkad | Olavakkode | Koothramkkappu | Mundur-II | 284/2 & 282/1 | 3.8100 | Vested Forest | (OA 545/74, 538/74) Vested Forest (to be restored) | Private Land | Vested Forest (OA-18/92 & 8/01) |

**Explanatory Note**

(This does not form part of the notification, but is intended to indicate the general purpose.)

The land as per the schedule attached was originally notified Under Section 3 (3) of the Kerala Forest (Vesting and Management of Ecologically Fragile Lands) Ordinance, 2000 vide Notification No. C4-21437/2000 dated 20-10-2000 and published in Kerala Gazette No. 1, Volume 46 dated 2-1-2001 as Sl. No. 72. In that Notification, the name of Village Eastern, Southern and Western boundaries were shown erroneously. Whereas the correct name of Village and Boundaries are shown in the schedule above. The Erratum Notification is published with the intention to achieve the above objective.

(Sd.)

Thiruvananthapuram.

*Custodian (Ecologically Fragile Lands) &*
*Chief Conservator of Forests (Wildlife).*

---

## കോന്നി ഡിവിഷൻ

### കാരണം കാണിക്കൽ നോട്ടീസ്

നമ്പർ കെ.എൻ. ഇ2-2028/2000. 2009 ഒക്ടോബർ 14.

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിൽ ഫോറസ്റ്റ് വാച്ചറായിരുന്ന വി. ജെ. വറുഗീസ് എന്ന താങ്കൾ 12-5-2000 മുതൽ നാളിതുവരെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നിട്ടുള്ളതാണ്. ടി വിഷയത്തിൽ ഈ ഓഫീസിലെ 31-12-2001-ലെ ഇ4-2028/2000 നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിട്ടുള്ളതും താങ്കൾ അത് കൈപ്പറ്റിയിട്ടുള്ളതുമാണ്. താങ്കളുടെ ആവശ്യപ്രകാരം താങ്കളെ നേരിൽ കേൾക്കുന്നതിന് ഈ ഓഫീസിലെ ഇ2-2028/2009 തീയതി 6-8-2008-ലെ രജിസ്റ്റേർഡ് കത്തുപ്രകാരം 13-8-2008-ൽ രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് താങ്കൾ സ്ഥലത്തില്ലായെന്ന കാരണത്താൽ തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ഈ ആഫീസിലെ 12-9-2008-ലെ കത്തുപ്രകാരം ഒരിക്കൽക്കൂടി അവസരം നൽകിക്കൊണ്ട് രജിസ്റ്റേർഡ് കത്ത് അയച്ചിട്ടുള്ളതുമാണ്. ടി കത്തും താങ്കൾ ഇന്ത്യ വിട്ടുപോയി എന്നു കാണിച്ചുകൊണ്ട് തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ദീർഘകാലമായി യഥാവിധി അവധി അനുവദിക്കപ്പെടാതെ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്നതിനാൽ താങ്കളെ സർവീസിൽനിന്നും പിരിച്ചുവിടുവാനായി താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ആകയാൽ താങ്കളെ സർവീസിൽനിന്നും താൽക്കാലികമായി പിരിച്ചു വിടാതിരിക്കാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനുള്ളിൽ അപ്രകാരം ചെയ്യേണ്ടതും നിർദ്ദിഷ്ട കാലയളവിൽ താങ്കളിൽനിന്ന് യാതൊരു മറുപടിയും ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താങ്കളെ സർവീസിൽനിന്നും പിരിച്ചുവിടുന്നതുമാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ഡിവിഷണൽ
കോന്നി. ഫോറസ്റ്റ് ഓഫീസർ.

---

### പുനർ ദർഘാസ് പരസ്യം

നമ്പർ കെ.എൻ.ഡി.-4820/09-7/2009-10. 2010 ഫെബ്രുവരി 9.

കേരള ഗവർണ്ണർക്കുവേണ്ടി കോന്നി ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന ജോലികൾക്ക് മുദ്രവച്ച പുനർ ദർഘാസുകൾ കേരള പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും 2010 മാർച്ച് മാസം 5-ാം തീയതി പകൽ 3 മണിവരെ ഈ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. പട്ടികയിൽ പറയുന്ന ക്രമനമ്പർ ഒന്നിലേക്കുള്ള അപേക്ഷകർ ലാന്റ് സ്കേപ്പിംഗ് ജോലികളിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും അത്തരം പ്രവർത്തികൾ ഭംഗിയായി പൂർത്തീകരിച്ചിട്ടുള്ളവരും ആയതിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത റാങ്കുള്ള ഓഫീസർ നൽകിയിട്ടുള്ള സാക്ഷ്യപത്രവും ഉള്ളവരായിരിക്കണം. ഓരോ വിഭാഗത്തിൽപ്പെട്ട ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം കവറുകളിൽ ആയിരിക്കണം ദർഘാസുകൾ സമർപ്പിക്കേണ്ടത്. ദർഘാസ് ഫാറങ്ങൾ പരസ്പരം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസ് ഫോറങ്ങൾ അന്നേ ദിവസം പകൽ 1 മണിവരെ ഈ ഓഫീസിൽ നിന്നും നിശ്ചിത വിലയ്ക്ക് (വില്പന നികുതിയടക്കം) ലഭിക്കുന്നതാണ്. ദർഘാസുകൾ അന്നേദിവസം പകൽ 3.30-ന് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ദർഘാസ് ദിവസം അവധി ദിവസമാകുകയോ മറ്റു സാങ്കേതിക കാരണങ്ങളാലോ ദർഘാസ് നടക്കാതെവരികയോ ചെയ്താൽ 2010 മാർച്ച് മാസം 11-ാം തീയതി നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത നിരതദ്രവ്യം ഏതെങ്കിലും അംഗീകൃത ബാങ്കിൽ അടച്ച് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മാറത്തക്കവിധം പ്ലഡ്ജ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതും ആയത് ഇല്ലാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതുമാണ്. കരാറുകാർ അവരവരുടെ രജിസ്ട്രേഷൻ കാർഡ് കാണിച്ച് ദർഘാസ് ഫോറത്തിന് അപേക്ഷിക്കേണ്ടതാണ്. ടി പരസ്യപ്രകാരമുള്ള ജോലികൾക്ക് ആവശ്യമായ ലറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാതെ വരികയോ മറ്റു സാങ്കേതിക കാരണങ്ങളാലോ ടെണ്ടർ റദ്ദാക്കുവാൻ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

### പട്ടിക

സതേൺ ഇക്കോ ടൂറിസം സർക്യൂട്ട്

| ക്രമ നമ്പർ | ജോലിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും | നിരതദ്രവ്യം രൂപ |
|---|---|---|
| (1) | (2) | (3) |
| 1. | ലാന്റ് സ്കേപ്പിംഗ് വിഭാഗത്തിൽപ്പെട്ട പ്രവൃത്തികൾ | |
| | (എ) ആരോഗ്യവനം—രൂപ 8,70,950 | 21,800 |
| | (ബി) നക്ഷത്രവനം—രൂപ 8,24,959 | 20,700 |
| | (സി) ബട്ടർഫ്ളൈ പാർക്കും, ചിൽഡ്രൻസ് പാർക്കും—രൂപ 9,84,852 | 24,700 |